

## ജി എച്ച് എസ് തേനാരി

# കനൽ

# ഉള്ളടക്കം

ആശംസ
കുട്ടികവിതകൾ
നിഴൽ
ഇരുളിൽനിന്ന് വെളിച്ചത്തിലേക്ക്
ലേഖനം
മഴ

# ആശംസ

പ്രിയമുള്ള കുട്ടികളെ,
ഡിജിററൽ മാഗസിൻ നിർമിക്കാൻ ലിററിൽ കൈററ്സ്
അംഗങ്ങളായ നിങ്ങളോരോരുത്തരും കാണിച്ച ഉത്സാഹത്തിന് ആദ്യമേ തന്നെ അഭിനന്ദനങ്ങൾ

അറിയിക്കട്ടെ. ഈ ഉദ്യമങ്ങളെല്ലാം തന്നെ സ്കൂളിൻെറ അക്കാദമിക മികവിനെയാണ്

കാണിക്കുന്നത്. മികവിൻെറ പടവുകൾ വീണ്ടും കയറുവാൻ കൂടുതൽ ഉത്സാഹവും ഊർജവും ലഭിക്കുവാൻ
എല്ലാവിധ ആശംസകളും നേർന്നുകൊണ്ട്



H.M.

# കുട്ടി കവിതകൾ



# ***നിഴൽ***

രാത്രിയിലെ  പ്രകാശത്തിൽ നിന്നുദ്ഭവിക്കുന്ന  നിഴൽ
പ്രഭാതത്തിൽ സൂര്യന്റെ
ഉദ്ഭവത്താൽ മറഞ്ഞുപോകുന്നനിഴൽ  ഇരുട്ടിനുള്ളിലെ
പ്രകാശത്താൽ
നിന്നുചിരിക്കുന്ന നിഴൽ  പെട്ടെന്നൊന്നു നോക്കുമ്പോൾ
പേടിച്ചുപോകും നിഴൽ  നമ്മൾ കാണിക്കുന്നതെന്തും
തിരിച്ചു കാണിക്കും നിഴൽ   എത്രപേർ മരണപ്പെടുത്താൻ
ശ്രമിച്ചാലും
മരണമില്ലാത്ത നിഴൽ  ഓരോരോ പുനർജന്മത്തിലും
കൂടെ  ഇനിക്കുന്ന നിഴൽ  രാത്രി കാലത്തിൽ
ഒരുകാരണവശാലും
വിട്ടുപിരിയാത്ത നിഴൽ  നമ്മളതിനെ എത്രവെറുത്താലും
നായയെപോലെ വാലാട്ടിവരും നിഴൽ  സ്വന്തം
അമ്മയെപോലെതന്നെ
പുറകെ വരുന്ന നിഴൽ  നേരമില്ലാത്ത നേരത്തും കൂടെനടന്ന്
സ്നേഹിക്കുന്ന നിഴൽ  ചിരിക്കുമ്പോഴും കരയുമ്പോഴും

നമ്മെക്കാളും സന്തോഷിക്കുകയും വേദനിക്കുകയും ചെയ്യുന്ന
നിഴൽ
മാതാപിതാക്കളുടെ സ്നേഹം  നമ്മളോട് കാണിക്കുന്ന നിഴൽ
നമ്മളെ ചിരിപ്പിക്കുകയും കരയിപ്പിക്കുകയും ചെയ്യുന്ന
ഒരു മഹാസംഭവം തന്നെയാകുന്നു നിഴൽ.

അപർണ

# മഴ

ഓടി കിതച്ച മേഘത്തു നിന്നു മുത്തു
മുത്തായി വീഴുന്ന മഴത്തുള്ളികൾ!
ദാഹമെന്നോതി കരയുന്ന
കരിയിലകൾക്കാശ്വാസമേകും
മഴത്തുള്ളികൾ.
പച്ച പുല്ലുകളിൽ പവിഴമുത്തായി
തിളങ്ങുന്ന മഴത്തുള്ളികൾ
അരുവിയിൽ,കുളങ്ങളിൽ,തടാകങ്ങളിൽ
പിന്നെ സമുദ്രത്തിലും എത്തും
മഴത്തുള്ളികൾ.
മന്ദം മന്ദം പാറി ചറ പറപ്പെയ്യുന്ന
മഴത്തുള്ളികൾ.
എങ്ങോ ഓടി കളിക്കുന്ന നിന്നെ
മാരുതനെന്നോട്
എത്തിച്ചുതന്നു.

# കണ്ണാടി

കണ്ണാടിയിലേക്ക്
നോക്കിയാൽ
എൻെറ മുഖം കാണുന്നു
എന്നാൽ എൻെറ
മനക്കണ്ണാടിയിലേക്ക്
നോക്കിയാൽ
എൻെറ ദുർഗുണങ്ങളും
നല്ല ഗുണങ്ങളും കാണാൻ
സാധിച്ചു
ആ കണ്ണാടി എൻെറ
അച്ഛനായിരുന്നു

ജിഷ്ണു

# <u>ഗുരു</u>

ആകാശമായ എന്നെ
മേഘപൂരിതമാക്കിയത്
എൻെറ ഗുരുവാണ്

ജിഷ്ണു

# പുഴ

# മല ഒഴുക്കുന്ന കണ്ണീരാണ് പുഴ

ജിഷ്ണു



# ലേഖനം

## കേരളം 1956 ന മുമ്പ്

സംഘകാലത്താണ് തമിഴകത്തിൻെറ ഭാഗമായ കേരളത്തിന് തനതായി ഒരു സംസ്കാരമുണ്ടായത്. വഞ്ചിപ്പാട്ടും ഊഞ്ഞാൽപ്പാട്ടും ആർപ്പുവിളിയും,കുരവയുംഉണ്ടായത്ഇക്കാലത്താണ്.ആര്യന്മാരുടെയും,ബുദ്ധന്മാരുടെയും, ജൈനന്മാരുടെയും ക്രിസ്തുമതം, യഹൂദമതം, ഇസ്ലാം മതം എന്നിവയുടെയും ആശയങ്ങൾ ലയിച്ചുചേർന്നു. 800 മുതൽ 1102-വരെ തിരുവഞ്ചിക്കുളം തലസ്ഥാനമാക്കി കുലശേഖരന്മാർ രാജ്യം ഭരിച്ചു.കുലശേഖരരാജ്യത്തിന് പുറമേ നിന്ന് പല ആക്രമണങ്ങളുമുണ്ടായി. വിശേഷിച്ച് ചോളന്മാരുടെ. അക്കാലത്ത് കാർഷികോല്പന്നങ്ങൾ വിറ്റഴിക്കാൻ പ്രാദേശിക ചന്തകൾ ഉണ്ടായിരുന്നു. കളരികളിൽ വെച്ച് യോദ്ധാക്കൾക്ക് പരിശീലനം ലഭിച്ചത്.സാധാരണആളുകൾവരെപങ്കെടുത്തിരുന്ന യുദ്ധങ്ങളിലെപ്രാധാനാഭ്യാസംകളരിപ്പയറ്റായിരുന്നു.മലയാളഭാഷ രൂപം കൊണ്ടത് ഒമ്പതാം നൂറ്റാണ്ടിലാണ്.ശങ്കരാചാര്യർ, ശക്തിഭദ്രൻ,കണ്ണശന്മാർ,ചെറുശ്ശേരി,എഴുത്തച്ഛൻ,മേപ്പത്തൂർപൂന്താനം എന്നിവരെല്ലാം മലയാളഭാഷയുടെ വളർച്ചയ്ക്ക് സംഭാവന നൽകിയവരാണ്.മലയാളഭാഷയെതമിഴിൻെറയുംസംസ്കൃതത്തിൻെറയും പിടിയിൽ നിന്ന് മോചിപ്പിച്ചത് ഭാഷപിതാവായ എഴുത്തച്ഛനാണ്.ആര്യസംസ്കാരവും ദ്രാവിഡസംസ്കാരവും യോജിച്ചതോടെ ജനജീവിതങ്ങൾ മാറി. പഴയപേരുകളായ ചിലുമ്പൻ, കൊലുമ്പൻ, ഉതിയൻ, ആതൻ എന്നിവ മാറി രാമനും കൃഷ്ണനുമായി. പഴയ ആരാധാനമൂർത്തികൾ മാറി.

പ്രാകൃതദൈവങ്ങൾക്കുള്ള പൂജ കുറയുകയും ബ്രാഹ്മണ വിധി
പൂജകൾനടത്താൻതുടങ്ങി.ജാതിവ്യത്യാസങ്ങൾഅധികമായി.ര
ണ്ടാംചേരസമ്രാജ്യതകർച്ചയോടെനാട്ടുവഴികളുംനാട്ടുംസജീവമാ
യി വേണാട്, പെരുമ്പടപ്പ്, നെടിയിരുപ്പ്, തൃപ്പാപൂർ സ്വരൂപം
എന്നിങ്ങനെഇംഗ്ലിഷ് കമ്പനിക്കെതിരെ പഴശ്ശി,
പാലിയത്തച്ചൻ
എന്നിവരുടെ നേതൃത്വത്തിൽ പല സമരങ്ങളും നടന്നു.
ഇന്ത്യൻ സ്വാതന്ത്ര്യപ്രസ്ഥാനത്തിൻെറ ഭാഗമായി
കേരളത്തിൽ അയിത്തത്തിനെതിരെ സമരവും നടന്നിരുന്നു.പുതിയ
സംസ്കാരത്തിനുവേണ്ടി പടയൊരുക്കിയ നേതാക്കൾ
നവോത്ഥാനപ്രസ്ഥാനത്തിൻെറ വക്താക്കൾ
ആയിരുന്നു.ജാതീയമായ ഉച്ചനീചത്വങ്ങൾ നിറഞ്ഞ
കേരളത്തെ ഒരു ഭ്രാന്താലയം എന്ന് വിവേകാനന്ദൻ
വിളിച്ചിരുന്നു.
ശ്രീനാരായണഗുരു, സഹദോരൻ അയ്യപ്പൻ,
ചട്ടമ്പിസ്വാമികൾ,അയ്യങ്കാളി എന്നിവർ ആ നവോത്ഥാന
പ്രസ്ഥാനത്തിൽ വിസ്മരിക്കപ്പെടാത്തവർ തന്നെ.
വിവിധ ജാതികളും മതങ്ങളും ചേർന്ന് കേരളത്തിൽ
വ്യത്യസ്തമായ ഒരു സംസ്കാരം രൂപപ്പെട്ടു.അതോടൊപ്പം പുതിയ
കലാരൂപങ്ങളുംരൂപം കൊണ്ടു. അതിൽ ഒന്നാണ് തിരുവാതിര,
മാർഗ്ഗം കളി മലബാറിൻെറ തനതു കലാരുപമായ ഒപ്പന
1957 ൽ ഇ.എം.സ് നമ്പൂതിരിപ്പാടിൻെറ നേതൃത്വത്തിൽ
കേരളത്തിൽ ആദ്യമന്ത്രിസഭ നിലവിൽ വന്നു.

ശ്രുതിക.എസ്

# വെളുത്ത പുഷ്പം

ചന്ദനെ പോലെ ശോഭയാർന്നതണ് നീ
അർധ രാത്രിയിൽ വിരിയുന്നവളാണ് നീ
പൊന്നുഷസിൽ തിളങ്ങുന്നവളാണ് നീ
നിന്നുടെ പ്രത്യക്ഷം ഞാനറിയുന്നു നിന്നുടെ
സുഹഗന്ധത്തിൽ
നിന്നഴകിൽ ലയിച്ചുനിന്നുപോയി ഞാൻ
ഇത്ര ള്ളുവെൺമ നിനക്കാരു നൽകി!
ഇരു പച്ചിലകൾക്കിടയിൽ നീ രാജ്ഞി
പോലിരിക്കവേ തേൻ നുകരാനായി
എത്തുന്നതാ ചെറുചിത്രശലഭങ്ങൾ
കാർ വർണ കുന്തലിൽ നിന്നെ ഞാൻ
ചൂടുമ്പോൾ എന്തൊരു രമ്യമാപ്പോൾ എൻ
കുന്തൽ.

അമൃത.എം

# കളിക്കൂട്ടുകാരി

ഉമ്മറത്തിണ്ണയിൽ  ഞാനിരിക്കെ
പ്രകൃതിയെ  അങ്ങനെ ആസ്വദിക്കേ
ഒററക്കാണെന്നതോന്നൽ ഒരു വിനാഴിക
എൻ ചിത്തമുണർത്തവേ
ഞാനില്ലേ നിൻകൂടെ എന്നാശ്വസ
വാക്കുമായെത്തിയവൾ!
ഞാൻ പോകുന്ന ഇടമെല്ലാം
എൻ കവചത്തെപ്പോലെ
എന്നുംമെൻ കൂടെയുള്ള നിഴലാണവൾ.
ബാഹ്യമായി ദുഖത്തിൽ പ്രതികാരം നിൻ
നിറമെങ്കിലും,ഞാൻ നിന്നിൽ
കാണുന്ന അമ്മതൻ സ്നേഹത്തിൻ
വെള്ള നിറം.

നിലാവുതൻ ചെറുവെളിച്ചത്തിൽ
എന്നഭിനയത്തിൽ നീ പങ്കാളിയാകവെ
നീ അറിയാതെ എനിക്ക് നീയൊരു
വികടകവിയാം
നിന്നെ ഞാൻ കാണുന്ന പലതിലും
പല മാത്രയിലും.
ഞാനറിയാതെൻ ആത്മാവുചൊല്ലി
സത്യത്തിൽ ഇവൾ നിൻ കളിക്കൂ
ട്ടുകാരിയോ?
എൻ ജനനത്തിലും എൻകൂടെ
വരുന്നവൾ നീമാത്രം,
എൻ മരണത്തിലും കൂടെ നീമാത്രം!
നിഴലേ ഞാൻ കാണുന്നു നിന്നിൽ
പല  മാത്രയിലും
സ്നേഹമാം തേനരുവി ഒഴുകുന്നത്.

ശ്രുതി.കെ



വിഷ്ണുപ്രിയ.ആർ

# ശാസ്ത്ര റാണി

ഗണിതമേ....
നീയാണുറാണി
മറ്റു ശാസ്ത്രങ്ങൾ
നിന്നുടെ തോഴിമാർ...

നീയില്ലാതില്ലൊരു കേളി
നീയില്ലാതില്ലൊരു കലയും
നീയില്ലാതില്ലൊരു ജന്മം
നീയില്ലാതില്ലൊരു കർമ്മം.


നിന്നെയറിഞ്ഞാൽ
എത്രമേൽ സുന്ദരം...
നിന്നെയകന്നാൽ
അത്രമേൽ ഭീകരം...

നിന്നിൽ ജയിച്ചവർ
മേലെ വാഴുന്നവർ
നിന്നിൽ പിഴച്ചവർ
താഴെ വീഴുന്നവർ


നീയാണു സത്യം
നീയാണു ധർമ്മം
നിന്നിലലിഞ്ഞു-
കിടപ്പിതീ ലോകവും...

നിൻ മടിത്തട്ടിലെ
ചിപ്പികൾ തേടും
പാമരനാമൊരു
പാന്ഥനീ ഞാൻ..

# മാന്ത്രിക വൃത്തം



Sneha-S



ഇന്ത്യ
മഴയുടെ വിതരണം
N
W
E
S
അഫ്ഗാനിസ്ഥാൻ
പാകിസ്ഥാൻ
ചൈന
നേപ്പാൾ
ഭൂട്ടാൻ
ബംഗ്ലാദേശ്
മ്യാന്മർ
ബംഗാൾ ഉൾക്കടൽ
അറബിക്കടൽ
ലക്ഷദ്വീപ്
ശ്രീലങ്ക
ഇന്ത്യൻ മഹാസമുദ്രം
ആൻഡമാൻ - നിക്കോബാർ ദ്വീപസമൂഹം
200 cm കൂടുതൽ
100 മുതൽ 200 cm വരെ
60 മുതൽ 100 വരെ
60 cm കുറവ്

# നന്ദി

little KITEs